# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## ഭവന രഹിതർക്കു വേണ്ടിയുള്ള പ്രാർത്ഥന-Homeless




### ഭവന രഹിതർക്കു വേണ്ടിയുള്ള പ്രാർത്ഥന

ദുഖിതരുടെ ആശ്വാസ കേന്ദ്രമായ പരിശുദ്ധ അമ്മേ, പല ഭവനങ്ങളുടേയും മുന്നിൽ മുട്ടിയിട്ടും തന്റെ തിരുവുദരത്തിൽ ഉത്ഭവിച്ച ദൈവകുമാരനെ പ്രസവിക്കാൻ ഒരിടം കിട്ടാതെ ഒരു കാലിത്തൊഴുത്തു ഭവനമായി തിരഞ്ഞെടുത്ത അമ്മേ, സ്ഥിരമായ ഒരു ഭവനമില്ലാതെയും പണിയാനാരംഭിച്ച ഭവനത്തിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കാതെയുമിരിക്കുന്ന ഞങ്ങളുടെ ദയനീയാവസ്ഥയെ അങ്ങേ തിരുക്കുമാരനു സമർപ്പിക്കേണമെ. തിരുക്കുടുംബത്തിന്റെ എല്ലാ വേദനകളും മനസ്സിലാക്കിയിരുന്ന വിശുദ്ധ ഔസേപ്പിതാവേ ഞങ്ങൾക്ക് ഒരു ഭവനം സ്വന്തമായി ലഭിക്കുന്നതിനുവേണ്ടി അങ്ങേ വളർത്തുകുമാരനോട് പ്രാർത്ഥിക്കണമെ. ആമ്മേൻ.

<u>തിരുവചനം</u>

ദരിദ്രരോടു ദയ കാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവു രക്ഷിക്കും(സങ്കീർത്തനങ്ങൾ 41:1).

കർത്താവു പീഡിതർക്കു നീതി നടത്തിക്കൊടുക്കുമെന്നും അഗതികൾക്കു ന്യായം നിർവഹിച്ചു കൊടുക്കുമെന്നും ഞാൻ അറിയുന്നു(സങ്കീ 140:12).

ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്, അവിടുന്ന് ആ കടം വീട്ടും (സുഭാഷിതങ്ങൾ 19:17).

+++